പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –3301 21.12.2012- ൽ മറുപടിക്ക്

## പ്രവാസി ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസിക്ഷേമത്തിനായി പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (എ) പ്രവാസി ക്ഷേമത്തിനായി താഴെപ്പറയുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ആലോചനയുണ്ട്. |

1. തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് ഒരു സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് മൂലധന/പലിശ സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുക എന്നതിനായി പ്രവാസി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നകാര്യം അന്തിമ ഘട്ടത്തിലാണ്.

2. വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റ് നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു..

3. വിദേശത്തു നിന്ന് ജയിൽ മോചിതരായവരിൽ സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് യാത്രാടിക്കറ്റ് ലഭ്യമാക്കുന്നതിനായി സർക്കാരിന്റെ ആഭിമുഖ്യത്തിൽ സ്വപ്നസാഫല്യം എന്ന പദ്ധതി വിപുലീകരിക്കുന്നതിന് ആലോചനയുണ്ട്.

4. പ്രവാസി ക്ഷേമ ബോർഡിലെ അംഗങ്ങൾക്കായി വിദ്യാഭ്യാസാനുകൂല്യം, അംഗത്വമില്ലാത്തവർക്കായി പ്രത്യേക സഹായനിധി എന്നീ പദ്ധതികൾ പ്രവാസി ക്ഷേമ ബോർഡ് മുഖാന്തിരം നടപ്പിലാക്കാൻ ആലോചനയുണ്ട്.

5. പ്രവാസികളുടെ നിക്ഷേപങ്ങൾക്കും സംരംഭങ്ങൾക്കും സഹായ കേന്ദ്രമായി പ്രവർത്തിക്കുന്നതിന് ഒരു നോർക്ക ബിസിനസ് സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ